

Musthafa Manzil
Angadippuram
Malappuram Dt
67932I
Phone: 212 (Perinthalmanna)

മുസ്തഫാ പൂക്കോയ തങ്ങൾ

പേരു് : പി. വി. സെയ്യിദ് മുസ്തഫാ പൂക്കോയതങ്ങൾ
ജനനം : 1921 ആഗസ്റ്റ് 10, പെരിന്തൽമണ്ണ
പിതാവ് : സെയ്യിദ് അബ്ദുറഹിമാൻ സീതിക്കോയ തങ്ങൾ
മാതാവ് : ശരീഫ മുത്തുബീവി
ഭാര്യ : പാണക്കാട് സെയ്യിദ് അഹ്മദ് ശിഹാബ് തങ്ങളുടെ മകൾ ശരീഫ് ഖദീജ ബീവി– 1967ൽ മരണപ്പെട്ടു.
മക്കൾ : ശരീഫ് റുഖിയ്യ ബീവി, സയ്യിദ് അഹ്മദ് പൊറുകോയതങ്ങൾ, സയ്യിദ് അബൂബക്കർ ആറക്കോയ തങ്ങൾ
രണ്ടാം ഭാര്യ : ശരീഫ ആയിഷ ബീവി
മകൻ : സയ്യിദ് അബ്ദുറഹിമാൻ സീതിക്കോയ തങ്ങൾ

പെരിന്തൽമണ്ണ സെൻറർ മാപ്പിള എൽ. പി. സ്കൂളിൽ പഠനം പൂർത്തിയാക്കിയ തങ്ങൾ പതിനഞ്ചു് വർഷക്കാലം വെങ്ങാട്, പൊന്നാകുർശി, പാണക്കാട് എന്നിവിടങ്ങളിലെ പള്ളിദർസുകളിൽ ചേർന്നു് മതപഠനം നടത്തി. 1951ൽ പെരിന്തൽമണ്ണ ടൗൺ മുസ്ലിം ലീഗ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു. 1952ൽ പെരിന്തൽമണ്ണ മൻഫഉൽ ഇസ്ലാം സംഘം രൂപീകരിച്ചു് 12 വർഷത്തോളം പ്രസിഡണ്ടാ

Mappila Heritage Library

CENTRE FOR HADHRAMI & DIASPORA STUDIES
Mappila Heritage Library

യി സേവനമനുഷ്ഠിച്ചു. 1954ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിലേക്ക് മുസ്ലിം ലീഗിന്റെ പ്രതിനിധിയായി തിര ഞ്ഞെടുക്കപ്പെട്ടു. 1960മുതൽ 9 വർഷം പാലക്കാട് ജില്ലാ മുസ്ലിം ലീഗ് പ്രസിഡണ്ടായിരുന്നു. പാലക്കാട് ആർ. ടി. എ മെമ്പറായിരുന്നു (1967–71). 1970ൽ കുന്ദമംഗലം നിയോജക മണ്ഡലത്തിൽ നിന്നും മുസ്ലിം ലീഗ് പ്രതിനിധിയായി കേരള നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടു. മുസ്ലിം ലീഗിലെ പിളർപ്പിനു ശേഷം അഖിലേന്ത്യാ മുസ്ലിം ലീഗിൽ ചേർന്നു. അടിയന്തിരാവസ്ഥയെ എതിർത്ത് അറസ്റ്റ് വരി ക്കുകയും ഒരു മാസം ജയിൽ വാസമനുഷ്ഠിക്കുകയും ചെയ്തു.

അഖിലേന്ത്യാ മുസ്ലിം ലീഗ് മലപ്പുറം ജില്ലാക്കമ്മിറ്റി പ്രസിഡണ്ട്, സംസ്ഥാന വൈ: പ്രസിഡണ്ട്, വയനാട്, ഇടിയൻ വയൽ, പട്ടാമ്പി പെരുമുടിയൂർ, പെരിന്തൽമണ്ണ, കുമ്പംകല്ല് എന്നീ മഹല്ലുകളുടെ ഖാസി, വലിയോറ ദാറുൽ മആരിഫ് അറബികോളേജ് പ്രസിഡണ്ട്, പൊന്നാനി മുഊനത്തുൽ ഇസ്ലാം സഭ ജോയിൻറ് സെക്രട്ടറി എന്നീ നിലകളിൽ സേവനമനുഷ്ഠിച്ചുവരുന്നു.

1957ൽ പെരിന്തൽമണ്ണയിലും, 1977ൽ കുറ്റിപ്പുറത്തും അസംബ്ളി തിരഞ്ഞെടുപ്പിൽ മത്സരിച്ചെങ്കിലും പരാജയ പ്പെട്ടു.

CENTRE FOR HADHRAMI & DIASPORA STUDIES
Mappila Heritage Library